'ഭരണഭാഷ - മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- മണ്ണാർക്കാട് നഗരസഭയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ 31.03.2018ൽ വിരമിച്ച ശ്രീ. ബാലചന്ദ്രൻ കെ-യ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.242/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 29/01/2020

---

പരാമർശം:- 1 നഗരകാര്യഡയറക്ടറുടെ 18.03.2019തീയതിയിലെ ഇ5-30769/2017 നമ്പർ കത്ത്.

**ഉത്തരവ്**

മണ്ണാർക്കാട് നഗരസഭയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ 31.03.2018ൽ വിരമിച്ച ശ്രീ. ബാലചന്ദ്രൻ കെ 17.03.2017 മുതൽ 07.01.2018 വരെ ശൂന്യവേതനാവധിയ്ക്കായി സമർപ്പിച്ച അപേക്ഷ പരാമർശ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മണ്ണാർക്കാട് നഗരസഭയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ 31.03.2018ൽ വിരമിച്ച ശ്രീ. ബാലചന്ദ്രൻ കെ-യ്ക്ക്, 17/03/2017 മുതൽ 06/01/2018 വരെ, 07/01/2018 പിൻചേർത്ത് കൊണ്ട്, അവധി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം.)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ. ബാലചന്ദ്രൻ കെ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 (റിട്ട.),മണ്ണാർക്കാട് നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ